# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **5929** **09.07.2012** - ൽ മറുപടിയ്ക്ക്

### പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകളിൽ മുറിവാടക കാലോചിതമായി വർദ്ധിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി. മുഹമ്മദ് | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകളിൽ മുറിവാടക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനു പകരം നിലവിൽ എ.സി. മുറിയ്ക്ക് 200 രൂപ ദിവസവാടകയുണ്ടായിരുന്നത് 800 രൂപയായി വർദ്ധിപ്പിച്ചതിനും നോൺ എ.സി മുറിക്ക് 150 രൂപ ദിവസ വാടകയുണ്ടായിരുന്നത് 600 രൂപയാക്കി വർദ്ധിപ്പിച്ചതിനും എതിരെ ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പരാതിയിൽപ്പറയുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) കേരളത്തിലെ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകളിൽ മുറിവാടക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനു പകരം നിലവിൽ എ.സി. മുറിയ്ക്ക് 200 രൂപ ദിവസവാടകയുണ്ടായിരുന്നത് 800 രൂപയായി വർദ്ധിപ്പിച്ചതായും നോൺ എ.സി മുറിക്ക് 150 രൂപ ദിവസ വാടകയുണ്ടായിരുന്നത് 600 രൂപയാക്കി വർദ്ധിപ്പിച്ചതായും പരാതിയിൽപ്പറയുന്നു. ആയതിനാൽ മുൻകാലങ്ങളിൽ **PWD Rest House** ലെ മുറി വാടക വർദ്ധനവിന് സ്വീകരിച്ചുപോന്ന മാനദണ്ഡമായ, അന്നു നിലവിലുള്ള നിരക്കിന്റെ 50% വർദ്ധനവ് എന്ന തത്വത്തിലുള്ള നിരക്ക് വർദ്ധനവ് നടപ്പിലാക്കണമെന്നതാണ് പരാതിയിലെ ആവശ്യം. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | വാടക പുതുക്കി നിശ്ചയിച്ചതിന് ആക്ഷേപം ഉണ്ടായതിനെ തുടർന്ന് പുതിയ നിരക്കുകൾ ഈടാക്കുന്നത് നിർത്തിവയ്ക്കാനും വാടക പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അടങ്ങിയ പ്രൊപ്പോസൽ സർക്കാരി ലേയ്ക്ക് സമർപ്പിക്കുവാനും കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പി.ഡബ്ല്യൂ.ഡി ഉണ്ടായകാലം മുതൽ റസ്റ്റ് ഹൗസുകളിലെ മുറി വാടക വർദ്ധനവ് കാലാകാലങ്ങളിൽ നിലവിലുള്ളതിന്റെ 50% തുക വർദ്ധിപ്പിച്ച് പുതുക്കി നിശ്ചയിച്ചുപോരുന്ന രീതിയാണ് അനുവർത്തിച്ചുപോന്നിട്ടുള്ളത് എന്ന് ചൂണ്ടിക്കാട്ടി ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | പരാതി ലഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ **PWD Rest House** ലെ മുറി വാടക വർദ്ധനവിന് സ്വീകരിച്ചുപോന്ന മാനദണ്ഡമായ, അന്നു നിലവിലുള്ള നിരക്കിന്റെ 50% വർദ്ധനവ് എന്ന തത്വത്തിലുള്ള നിരക്ക് . വർദ്ധനവ് നടപ്പിലാക്കണമെന്നാണ് പരാതിയിലെ ആവശ്യം. |

[signature]
സെക്ഷൻ ഓഫീസർ